**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2130** **09-02-2023 - ൽ മറുപടിയ്ക്ക്**

**വയനാട് മെഡിക്കൽ കോളേജിൽ അടിസ്ഥാന ചികിത്സ സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വയനാട് മെഡിക്കൽ കോളേജിൽ ആവശ്യത്തിന് ചികിത്സ സംവിധാനങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഇല്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ അടിസ്ഥാന ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്. മാനന്തവാടി ജില്ലാ ആശുപത്രിയാണ് വയനാട് മെഡിക്കൽ കോളേജായിട്ട് ഉയർത്തിയത്. മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾ കൂടി പൂർണ്ണമാകുമ്പോഴേക്കും അത്യാധുനികമായ ചികിത്സാ സൗകര്യങ്ങൾ ഉൾപ്പെടെ പൊതുജനങ്ങൾക്കു നല്കാനാകുന്നതാണ്. |
| (ബി) | കടുവ ആക്രമണത്തിൽ പരിക്കേറ്റ വ്യക്തിക്ക് യഥാസമയം പര്യാപ്തമായ ചികിത്സ നൽകുന്നതിന് വയനാട് മെഡിക്കൽ കോളേജിന് സാധിച്ചില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | കടുവ ആക്രമണത്തിൽ പരിക്കേറ്റ വ്യക്തിക്ക് വയനാട് മെഡിക്കൽ കോളേജിൽ ലഭ്യമായ അടിയന്തിര ചികിത്സകളെല്ലാം നൽകിയിട്ടുണ്ട്. എന്നാൽ അടിയന്തിരമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സംവിധാനമായ വാസ്കുലർ സർജറി ചെയ്യേണ്ട സർജന്റെ സേവനം ലഭ്യമാക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തിട്ടുള്ളത്.<br><br>വയനാട് മെഡിക്കൽ കോളേജിൽ ആവശ്യമായ ചികിത്സാ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയെന്നോണം വയനാട് മെഡിക്കൽ കോളേജിന്റെ ഒരു മാസ്റ്റർ പ്ലാൻ മെഡിക്കൽ കോളേജിന്റെ നിർമ്മാണ ചുമതലയുള്ള വാപ്കോസ് തയ്യാറാക്കുകയും അത് ഡി.എം.ഇ തലത്തിൽ അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണയിലാണ്. മാസ്റ്റർ പ്ലാൻ അംഗീകരിച്ച് മറ്റ് നടപടികൾ സ്വീകരിച്ച് വയനാട് മെഡിക്കൽ കോളേജ് പൂർണ തോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (സി) | വയനാട് മെഡിക്കൽ കോളേജിൽ ആവശ്യമായ ചികിത്സ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (സി) | കടുവ ആക്രമണത്തിൽ പരിക്കേറ്റ വ്യക്തിക്ക് വയനാട് മെഡിക്കൽ കോളേജിൽ ലഭ്യമായ അടിയന്തിര ചികിത്സകളെല്ലാം നൽകിയിട്ടുണ്ട്. എന്നാൽ അടിയന്തിരമായി സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ സംവിധാനമായ വാസ്കുലർ സർജറി ചെയ്യേണ്ട സർജന്റെ സേവനം ലഭ്യമാക്കുന്നതിനായി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്തിട്ടുള്ളത്.<br><br>വയനാട് മെഡിക്കൽ കോളേജിൽ ആവശ്യമായ ചികിത്സാ സംവിധാനങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ പടിയെന്നോണം വയനാട് മെഡിക്കൽ കോളേജിന്റെ ഒരു മാസ്റ്റർ പ്ലാൻ മെഡിക്കൽ കോളേജിന്റെ നിർമ്മാണ ചുമതലയുള്ള വാപ്കോസ് തയ്യാറാക്കുകയും അത് ഡി.എം.ഇ തലത്തിൽ അംഗീകരിച്ച് സമർപ്പിച്ചിട്ടുള്ളത് സർക്കാരിന്റെ പരിഗണയിലാണ്. മാസ്റ്റർ പ്ലാൻ അംഗീകരിച്ച് മറ്റ് നടപടികൾ സ്വീകരിച്ച് വയനാട് മെഡിക്കൽ കോളേജ് പൂർണ തോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ